(സി) 323, 324, 307 ആർ/ഡബ്ല്യു 34 ഐ.പി.സി.

(ഡി) ഷംസുദ്ദീൻ, ഹമീദ് എന്ന അബ്ദുൽ ഹമീദ്, ചാത്തംകായ്ച്ചറ മുഹമ്മദ്.

(ഇ) ഉണ്ട്.

(എഫ്) അന്വേഷണത്തിൽ 3-ാം പ്രതി ചാത്തകായ്ച്ചറ മുഹമ്മദ് ഈ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വെളിവായതുകൊണ്ട്.

54 (680) ശാന്തപ്പനെ മർദ്ദിച്ച സംഭവം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997 ഡിസംബർ 11-ാം തീയതി രാത്രി തിരുവനന്തപുരം ശംഖുംമുഖം സരിതാ ഭവനിൽ ശാന്തപ്പൻ എന്നയാളെ മ്യൂസിയം പോലീസ് സ്റ്റേഷനിൽവച്ച് ക്രൂരമായി മർദ്ദിച്ചതിനെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഏതു ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തിയത്;

(സി) അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ ആരൊക്കെയാണ് ഈ കേസ്സിലെ പ്രതികളെന്നും ഇവരുടെ പേരിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(ഡി) മ്യൂസിയം പോലീസ് സ്റ്റേഷനിലെ ഏതെല്ലാം പോലീസുകാർ ഈ കേസ്സിൽ കുറ്റക്കാരാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇവരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശാന്തപ്പനെ മർദ്ദിച്ചതായുള്ള അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ എസ്.ഐ., എ.എസ്.ഐ., എച്ച്.സി.ടി., പി.സി., ടി.പി.സി.മാർ, കെ.എ.പി.പി.സി.മാർ എന്നിവരുടെ പേരിൽ ഡിപ്പാർട്ട്മെന്റൽ നടപടിക്കായി കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്.

(ബി)-(ഇ) ബന്ധപ്പെട്ടവരുടെ പേരിലുള്ള വാച്യാന്വേഷണം എ.സി. ക്രൈം ഡിറ്റാച്ച്മെന്റാണ് നടത്തുന്നത്. അന്വേഷണം നടന്നുവരികയാണ്. പൂർത്തിയായിട്ടില്ല.

55 (681) ആക്രമണത്തിൽ കണ്ണ് നഷ്ടപ്പെട്ട സംഭവം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യമാഫിയക്കെതിരെ പ്രതികരിച്ച ആലപ്പുഴ കളർകോട് ജയചന്ദ്രൻ നായരെ മർദ്ദിച്ച അക്രമികളെ മുഴുവൻ ഇതുവരെ പോലീസ് പിടികൂടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അക്രമികളിലൊരാളെ വളരെ വൈകിമാത്രമാണ് പോലീസ് അറസ്റ്റ് ചെയ്തത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വ്യാജമദ്യം വിൽക്കുന്ന വീട് അറിയാമായിരുന്നിട്ടും അവിടെ റെയ്ഡ് ചെയ്യാതെ ഈ യുവാവ് അടക്കമുള്ള നിരപരാധികളായവർ താമസിക്കുന്ന തൊട്ടടുത്ത വീട്ടിലാണ് പോലീസ് റെയ്ഡ് നടത്തിയത് എന്ന കാര്യം സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ടോ;

(ഡി) ആലപ്പുഴ ജില്ലയിലെ പല പോലീസ് ഉദ്യോഗസ്ഥരും വ്യാജവാറ്റിനും മദ്യമാഫിയയ്ക്കും കൂട്ടുനിന്ന് വൻതോതിൽ അഴിമതി നടത്തുന്നു എന്ന ആരോപണം അന്വേഷിക്കുമോ; ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) കളർകോട് ജയചന്ദ്രൻ നായരുടെ കണ്ണ് നഷ്ടപ്പെടാൻ ഇടയാക്കിയ സംഭവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കുമോ;

(എഫ്) ഈ സംഭവത്തെക്കുറിച്ച് ആലപ്പുഴ ജില്ലാ കളക്ടർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉള്ളടക്കം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജയചന്ദ്രൻ നായരെ ആക്രമിച്ച സംഭവത്തിന് രജിസ്റ്റർ ചെയ്ത ക്രൈം 185/99 കേസ്സിലെ 4 പ്രതികളിൽ ഒരാളെ 26.5.99-ൽ അറസ്റ്റ് ചെയ്യുകയും കോടതി റിമാന്റ് ചെയ്തിട്ടുള്ളതും ഒളിവിൽ പോയ 3 പ്രതികൾ 5.6.99-ൽ ആലപ്പുഴ ജില്ലാ കോടതിയിൽനിന്നും മുൻകൂർ ജാമ്യം എടുത്തിട്ടുള്ളതുമാണ്.

(ബി) 18.5.99-ൽ കേസ്സ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യുവാനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും പ്രതികൾ ഒളിവിലായതിനാൽ 26.5.99-ൽ ഒരാളെ അറസ്റ്റു ചെയ്തു.

(സി)-(ഇ) ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

56 (682) കേരള യൂണിവേഴ്സിറ്റിയിലുണ്ടായ സ്ഫോടനം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി ആസ്ഥാനത്ത് എ.കെ.ജി. സെന്ററിനോട് ചേർന്ന് സ്ഫോടനമുണ്ടായിട്ടുണ്ടോ;

(ബി) ഈ സ്ഫോടനത്തിന് പിന്നിലുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ആറ് വർഷം മുമ്പ് കാര്യവട്ടത്തേയ്ക്ക് മാറ്റിയ രസതന്ത്ര ലാബിലെ അവശിഷ്ടങ്ങളാണോ ഇപ്പോൾ പൊട്ടിത്തെറിച്ചതെന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly